പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8237 17.07.2014 ലെ മറുപടിക്ക്

## ഭൂരഹിത-ഭവനരഹിത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

(എ) ഭൂരഹിത-ഭവനരഹിത പദ്ധതി പ്രകാരം ഈ സർക്കാർ ,പട്ടികജാതിക്കാരായ എത്ര ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി നൽകിയിട്ടുണ്ട്;

(എ) ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011-12 | 4452 |
| 2012-13 | 11047 |
| 2013-14 | 6290 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു;

(ബി) വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 8149.42 |
| 2012-13 | 16937.87 |
| 2013-14 | 9996.505 |

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം എത്ര രൂപയാണ്;

(സി) ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1 ½ ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 1 ½ സെന്റ് ഭൂമി വാങ്ങുന്നതിന് 2 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 1 ½ സെന്റ് ഭൂമി വാങ്ങുന്നതിന് 3 ലക്ഷം രൂപയുമാണ് നൽകി വരുന്നത്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് നൽകിവന്ന ധനസഹായം എത്ര രൂപ വീതമായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങുന്നതിന് അനുവദിച്ചിരുന്ന ധനസഹായം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാമപ്രദേശം (രൂപയിൽ) | മുനിസിപ്പാലിറ്റി (രൂപയിൽ) | കോർപ്പറേഷൻ (രൂപയിൽ) |
|---|---|---|---|
| 2006-07 | 25,000 | 27,500 | 30,000 |
| 2007-08<br>2008-09 | 45000 | 50,000 | 60,000 |
| 2009-10<br>2010-11 | 75000 | 90,000 | 1,00,000 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങുന്നതിന് നൽകി വന്നിരുന്ന ധനസഹായം ഗ്രാമപ്രദേശങ്ങളിൽ 1.50 ലക്ഷം രൂപയായും മുനിസിപ്പാലിറ്റികളിൽ 1.75 ലക്ഷം രൂപയായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയായും ഉയർത്തിയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നൽകി വന്നിരുന്ന ധനസഹായം യഥാക്രമം 2 ലക്ഷം രൂപയായും 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ